"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മെ.വിക്ടറി ഇൻഡസ്ട്രീസ് എന്ന ബോക്ലൈറ്റ് പൗഡർ നിർമ്മാണ സ്ഥാപനത്തിന്റെ ഉടമ ശ്രീ.കെ.എൻ.കേശവന്റെ നാളിതുവരെയുള്ള മാർജിൻ മണി ലോൺ കുടിശികയുടെ പിഴപലിശ ഒഴിവാക്കി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.554/2022/ID തീയതി,തിരുവനന്തപുരം, 14-06-2022

---

പരാമർശം:- 1. ശ്രീ.കെ.എൻ.കേശവന്റെ 14.11.2018-ലെ അപേക്ഷ

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 02.12.2019-ലെ DIC/16842/2018-FC1 നമ്പർ കത്ത്

3. എറണാകുളം ജില്ലാ കളക്ടറുടെ 02.09.2021-ലെ DCEKM/2745/2020-B11 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.കെ.എൻ.കേശവൻ, മഠത്തിൽ വീട്, പാലച്ചുവട്, പിറവം അദ്ദേഹത്തിന്റെ പേരിലുള്ള മാർജിൻ മണി ലോണിൻമേലുള്ള റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കണമെന്ന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ടിയാളുടെ ഉടമസ്ഥതയിൽ SIDCO-യുടെ പിറവം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 1976-ൽ ആരംഭിച്ച മെ.വിക്ടറി ഇൻഡസ്ട്രീസ് എന്ന ബോക്ലൈറ്റ് പൗഡർ നിർമ്മാണ സ്ഥാപനത്തിന് എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 27.09.1980-ലെ H/11527/80 ഉത്തരവ് പ്രകാരം 11200/-രൂപയും 03.01.1981-ലെ H/11527/80 ഉത്തരവ് പ്രകാരം 4600/-രൂപയും മാർജിൻ മണി വായ്പയായി അനുവദിച്ചിരുന്നു. പിന്നീട് ക്ലേ പൗഡർ യൂണിറ്റായി ഉൽപ്പന്നമാറ്റം നടത്തി പ്രവർത്തനം ആരംഭിച്ചുവെങ്കിലും സാങ്കേതികമായ കാരണങ്ങളാൽ പ്രവർത്തനം നിർത്തി വയ്ക്കുകയാണ് ഉണ്ടായതെന്നും ഇപ്പോൾ ഇന്റീരിയർ വർക്ക് ചെയ്യുന്നതിനുള്ള പ്ലൈവുഡ് സ്റ്റോക്ക് ചെയ്യുകയും ഇന്റീരിയർ വർക്കുകൾ പുറത്തുപോയി ചെയ്തു കൊടുക്കുകയും ചെയ്യുന്നതിനാൽ സ്ഥാപനം പലപ്പോഴും അടച്ചിടുകയാണ് പതിവ് എന്നും പരാമർശം 2 പ്രകാരം വ്യവസായ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സിഡ്കോ എസ്റ്റേറ്റ് മാനേജരുടെ റിപ്പോർ ട്ടിൽ ശ്രീ കെ.എൻ.കേശവൻ വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ മൂലം ചില സഹായികളുടെ പിന്തുണയോടെയും സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ടെന്നും കൂടാതെ എസ്റ്റേറ്റിലെ 4 ½ സെന്റ് ഭൂമി കൂടി വ്യവസായ ആവശ്യത്തിന് അനുവദിച്ച് തരുവാൻ ടിയാൻ അപേക്ഷ നൽകുകയും ആയത് അനുവദിക്കുന്നതിന് തുടർനടപടികൾ നടന്നു വരുന്നതായും അറിയിച്ചിട്ടുള്ളതായി വ്യവസായ വാണിജ്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാളിതുവരെ രണ്ട് ലോണിലും തിരിച്ചടവ് നടത്തിയിട്ടില്ല.

CEO
No:
CM

രണ്ട് വായ്പകളുടെ 01/03/2019 വരെയുള്ള കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു :-

| വായ്പ നം. | മുതൽ | പലിശ | പിഴ പലിശ | ആകെ |
|---|---|---|---|---|
| 01/049 | 11,200 | 25,762 | 21,284 | 58,246 |
| 01/069 | 4,600 | 10,510 | 8,645 | 23,755 |

യൂണിറ്റുടമ, പ്രായാധിക്യം മൂലം വാർദ്ധക്യ സഹജമായ രോഗിയും, ഹൃദ്രോഗിയും സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നയാളുമാണെന്നും ടിയാന്റെ പേരിൽ പിറവം വില്ലേജിൽ പാലച്ചുവട് എന്ന സ്ഥലത്ത് 10 സെന്റ് സ്ഥലം ഉണ്ടെന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ മാർജിൻ മണി വായ്പ കുടിശ്ശിക തീർപ്പാക്കുവാൻ യൂണിറ്റുടമയ്ക്ക് അറിയിപ്പ് നൽകിയെങ്കിലും വായ്പ തീർപ്പാക്കിയിട്ടില്ല എന്നും വ്യവസായ വാണിജ്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.കേശവൻ ഉൾപ്പെടെ 10 പേർ ചേർന്ന് ഒരേക്കറോളം സ്ഥലം വാങ്ങുകയും അത് സിഡ്കോയ്ക്ക് വ്യവസായം ആരംഭിക്കുന്നതിനായി ഇഷ്ടദാനം ചെയ്ത് നൽകുകയുണ്ടായി എന്നും സിഡ്കോ അത് ORS വ്യവസ്ഥയിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി കൈമാറിയിട്ടുള്ളതും നിലവിൽ എസ്റ്റേറ്റിൽ കുടിശ്ശിക കക്ഷിയുടെ ഉടമസ്ഥതയിലുള്ള മെ.വിക്ടറി എന്റർപ്രൈസസ് ഉൾപ്പെടെ 6 സ്ഥാപനങ്ങളാണ് നിലനിൽക്കുന്നത് എന്നും കുടിശ്ശിക കക്ഷി 4.5 സെന്റ് സ്ഥലം കൂടി ആവശ്യപ്പെട്ടെങ്കിലും അത് നല്കിയിട്ടില്ലായെന്നാണ് സിഡ്കോയിൽ നിന്ന് അറിയാൻ സാധിച്ചിട്ടുള്ളതെന്നും കക്ഷിക്ക് 85 വയസ്സ് പ്രായം ഉണ്ടെന്നും പ്രായത്തിന്റേതായ പ്രശ്നങ്ങളുണ്ടെന്നും പരാമർശം 3 പ്രകാരം എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് ഡയറക്ടറുടേയും എറണാകുളം ജില്ലാകളക്ടറുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ മെ . വിക്ടറി ഇൻഡസ്ട്രീസ് എന്ന ബോക്കൈറ്റ് പൗഡർ നിർമ്മാണ സ്ഥാപനത്തിന്റെ ഉടമയായ ശ്രീ.കെ.എൻ.കേശവന്റെ നാളിതുവരെയുള്ള മാർജിൻ മണി ലോൺ കുടിശികയുടെ പിഴപലിശ ഒഴിവാക്കിനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.ഇതു സംബന്ധിച്ച തുടർ നടപടികൾ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജീവ് ആർ

അണ്ടർ സെക്രട്ടറി

ശ്രീ.കെ.എൻ.കേശവൻ. മഠത്തിൽ വീട്, പാലച്ചുവട് കിഴക്ക് ഭാഗം. പിറവം

വ്യവസായ വാണിജ്യ ഡയറക്ടർ. തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം. തിരുവനന്തപുരം

ധനകാര്യ വകുപ്പ് (1948325/ഐ&പിഡബ്ല്യുഎ3/2021/ധന പ്രകാരം)

ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം

സി.ഇ.ഒ., കെ-ബിപ് (വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Anil Kumar P
Date: 14-06-2022 14:56:34

സെക്ഷൻ ഓഫീസർ